manoramaonline.com

ഗ്ലോബൽ മലയാളി കൗൺസിൽ അവാർഡുകൾ വിതരണം ചെയ്തു

Tue Apr 06 08:11:46 GMT 2010

തിരുവനന്തപുരം : ഗ്ലോബൽ മലയാളി കൗൺസിലിന്റെ പത്താമത് വാർഷികവും അവാർഡ് നൈറ്റും വർണശബളമായ പരിപാടികളോടെ നടന്നു. മാർച്ച് 25ന് വൈകുന്നേരം ആറിന് തിരുവനന്തപുരം മാസ്ക്കറ്റ് ഹോട്ടൽ കൺവൻഷൻ സെന്ററിൽ വച്ചായിരുന്നു പരിപാടി.

ഗ്ലോബൽ മലയാളി കൗൺസിലിന്റെ ആഗോള ചെയർമാൻ ഡോ വർഗീസ് മൂലൻ അധ്യക്ഷത വഹിച്ച സമ്മേളനം, ആരോഗ്യമന്ത്രി പി കെ ശ്രീമതി ഉദ്ഘാടനം ചെയ്തു. ഗതാഗതമന്ത്രി ജോസ് തെറ്റയിൽ മുഖ്യാതിഥിയായിരുന്നു. ജിഎംസി ആഗോള ജനറൽ സെക്രട്ടറി റെജി പാറയ്ക്കൻ സ്വാഗതം ആശംസിച്ചു.

ഗ്ലോബൽ എക്സലൻസി അവാർഡുകൾ, മന്ത്രിമാരായ പി.കെ ശ്രീമതിയും ജോസ് തെറ്റയിലും ചേർന്ന് വിതരണം ചെയ്തു. എം എൽ എ മാരായ മോൻസ് ജോസഫ്, തോമസ് ചാഴികാടൻ, വി ഡി സതീശൻ, ടി എൻ പ്രതാപൻ, കെ ടി ഡി സി ചെയർമാൻ ചെറിയാൻ ഫിലിപ്പ് എന്നിവർ ആശംസകൾ അർപ്പിച്ചു. മിൽമ ചെയർമാൻ പി.ടി ഗോപാലക്കുറുപ്പ്, കൈരളി ടിവി ഡയറക്ടർ അഡ്വ. റഷീദ്, സിനിമാതാരം മധുപാൽ എന്നിവരും സംബന്ധിച്ചു.

ഗ്ലോബൽ മലയാളി കൗൺസിലിന്റെ, വിവിധ രാജ്യങ്ങളിലെ ചാർട്ടുകളെ പ്രതിനിധീകരിച്ച് കെ.പി ഷിബു, ശ്രീജിത്ത് സോമൻ, ഏലിയാസ് (ന്യൂസിലാന്റ്), സണ്ണി മൈലാടുംപാറ (യുകെ), വർഗീസ് പൈനാടത്ത് (ഓസ്ട്രേലിയ), പോൾ ജോസഫ് (മിഡിൽ ഈസ്റ്റ്) ബിജിലി ജോർജ് (യു എസ് എ) എന്നിവരും പങ്കെടുത്തു.

ദുബായിലെ വ്യവസായ പ്രമുഖ പ്രേമാ പിള്ള (എപിപി ഗ്രൂപ്പ്), ഒബ്റോൺ മാൾ എം ഡി എം എ മുഹമ്മദ്, ജയശ്രീ ടൂർസ് ആൻഡ് ട്രാവൽസ് എംഡി വിക്രമൻ, ഡോ സാം പി ഏബ്രഹാം (ഏബ്രഹാം ഇൻഫെർട്ടിലിറ്റി സെന്റർ), പോബ്സ് ഗ്രൂപ്പ് ചെയർമാൻ ഡോ. പി.എ ജേക്കബ്, എസ് ടി പി ഗ്രൂപ്പ് ഓഫ് കമ്പനി, (മോസ്കോ) സി എം ഡി ഡോ ഹിലൂർ എം സൈനുദീൻ, കാർഗോ കെയർ ഷിപ്പിംഗ് ആൻഡ് ഫോർവേർഡിംഗ് കമ്പനി എം ഡി സജി തോമസ് ഡാനിയേൽ, ഡോ മോഹൻ ബാബു കൃഷ്ണേന്ദു ആയുർവേദ ഹോസ്പിറ്റൽ (ഹെൽത്ത് ടൂറിസം), വി എസ് ഗീത (മീഡിയ), ജനാർദനൻ പി ഉണ്ണി (വിദ്യാഭ്യാസം) എന്നിവർക്കാണ് അവാർഡുകൾ നൽകിയത്.

പിന്നണി ഗായകനും കവിയുമായ കാവാലം ശ്രീകുമാർ, കവി ഗിരീഷ് പുലിയൂർ എന്നിവരെ ചടങ്ങിൽ ആദരിച്ചു. പിന്നണി ഗായകരായ അൻവർ സാദത്തും, സുവിയും പങ്കെടുത്ത ഗാനസന്ധ്യയും, മജീഷ്യൻ ദയാനിധിയുടെ മാജിക്ഷോയും ചടങ്ങുകൾക്ക് മാറ്റു കൂട്ടി.

പരിപാടികൾക്ക് സുനു മാവേലിക്കര, ജി സോമൻ, സുനിൽകുമാർ (കോറൽ ഗ്രൂപ്പ്), വർഗീസ് പൈനാടത്ത്, അഡ്വ ബഷീർ റാവുത്തർ, ഷാന്റി ജോസഫ് എന്നിവർ നേതൃത്വം നൽകി.

Print

Close